مجمع ك.ام.او الإسلامي

KMO ISLAMIC ACADEMY

ആമുഖം

കൊടുവള്ളിയിൽ മത-ഭൗതിക വിദ്യാഭ്യാസ മേഖലകളിൽ നിസ്തുലമായ സേവനങ്ങൾ നടത്തിവരുന്ന മഹത് സ്ഥാപനമാണ് കെ.എം.ഒ ഇസ്‌ലാമിക് അക്കാദമി. കൊടുവള്ളി മുസ്‌ലിം യത്തീംഖാനക്കു കീഴിൽ ചെമ്മാട് ദാറുൽഹുദാ ഇസ്‌ലാമിക് സർവ്വകലാശാലയുടെ പാഠ്യപദ്ധതി സ്വീകരിച്ചു കൊണ്ട് ആരംഭിച്ച ഇസ്‌ലാമിക് അക്കാദമി ഉന്നത നിലവാരമുള്ള സമന്വയ വിദ്യാഭ്യാസ രീതി നിർവഹിച്ചു വരുന്നു. സമൂഹത്തിൽ ഇഹ - പര ദൗത്യങ്ങൾ ഏറ്റെടുക്കാൻ പ്രാപ്തരായ യുവ പണ്ഡിത നിരയെ വാർത്തെടുക്കുക എന്ന മഹനീയ ലക്ഷ്യത്തിലധിഷ്ഠിതമായി പ്രവർത്തിച്ചുവരുന്ന ഇസ്‌ലാമിക് അക്കാദമിയിൽ പത്ത് ക്ലാസുകളിലായി മുന്നൂറോളം വിദ്യാർത്ഥികൾ താമസ - ഭക്ഷണസൗകര്യത്തോടെ ഹുദവി കോഴ്സ് പഠിച്ചു വരുന്നു. ഇംഗ്ലീഷ്, അറബി, ഉറുദു ഭാഷകളും ആധുനിക ശാസ്ത്ര ബോധവും വിവര സാങ്കേതിക വിദ്യയും സ്വായത്തമാക്കിക്കൊണ്ട് നവ വിദ്യാഭ്യാസ മനഃശാസ്ത്ര രീതിയിലൂടെ നടത്തുന്ന വിജയകരമായ ഒരു കോഴ്സാണിത്. പത്ത് വർഷം പിന്നിടുന്ന സ്ഥാപനം കൊടുവള്ളിയിലെയും പരിസര പ്രദേശങ്ങളിലെയും വിദ്യാന്വേഷകർക്ക് ഒരു ദീപസ്തംഭമായി നിലകൊള്ളുന്നു. ഈ ഉദ്യമത്തിൽ ഉദാരമതികളായ സഹോദരി സഹോദരന്മാരുടെ എല്ലാ വിധ സഹായ സഹകരണങ്ങളും യത്തീംഖാന കമ്മിറ്റി പ്രതീക്ഷിക്കുന്നു.

ചരിത്രം

1978 ലാണ് മർഹൂം ടി.കെ പരീക്കുട്ടി ഹാജിയടക്കമുള്ള കൊടുവള്ളിയിലെ പൗരപ്രമുഖരുടെ നേതൃത്വത്തിൽ കൊടുവള്ളി മുസ്‌ലിം യത്തീംഖാന സ്ഥാപിതമായത്. അന്ന് മുതൽ അനാഥ സംരക്ഷണത്തിൽ മികവുറ്റ സേവനങ്ങൾ കാഴ്ച വെച്ച യത്തീംഖാന പിന്നീട് കൊടുവള്ളിയിലെ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ മുന്നേറ്റത്തിൽ സ്തുത്യർഹമായ പങ്കു വഹിച്ചു. 1992 ൽ അനാഥ സംരക്ഷണത്തിലെ മികച്ച പ്രവർത്തനങ്ങൾക്ക് ഇന്ത്യൻ പ്രസിഡന്റിന്റെ അവാർഡ് നേടിയ കെ.എം.ഒ ക്ക് കീഴിൽ മദ്റസ, സ്കൂൾ, കോളേജ്, ടി.ടി.സി, ബി.എഡ്, ഐ.ടി.ഐ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉയർന്ന് വന്നു. മാറിയ സാഹചര്യങ്ങളെ തുടർന്ന് കാലക്രമേണ യത്തീംഖാനയിലെ കുട്ടികൾ കുറഞ്ഞ് വന്ന സാഹചര്യത്തിലാണ് മർഹൂം വാവാട് കുഞ്ഞിക്കോയ മുസ്‌ലിയാരുടെ നിരന്തരമായ നിർദ്ദേശപ്രകാരം യത്തീംഖാന കമ്മിറ്റി 2015 ൽ കെ.എം.ഒ ഇസ്‌ലാമിക് അക്കാദമി എന്ന പേരിൽ ഹുദവി കോഴ്സിന് ആരംഭം കുറിച്ചത്. ദാറുൽ ഹുദാ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് 2021 ൽ മികച്ച സ്ഥാപനത്തിനുള്ള എ പ്ലസ് അവാർഡ് ലഭിച്ചു.

സിലബസ്

പ്രശസ്തമായ ചെമ്മാട് ദാറുൽ ഹുദാ ഇസ്‌ലാമിക് യൂണിവേഴ്സിറ്റി വിഭാവനം ചെയ്യുന്ന അതിനൂതനമായ മത ഭൗതിക സമന്വയ വിദ്യാഭ്യാസ പദ്ധതിയാണ് സ്ഥാപനം സ്വീകരിച്ചിട്ടുള്ളത്. ഖുർആൻ, ഹദീസ്, ഫിഖ്ഹ്, അഖീദ തുടങ്ങിയ മത വിഷയങ്ങളും സയൻസ്, ഗണിതം, സാമൂഹിക ശാസ്ത്രം, ഐ.ടി തുടങ്ങിയ ഭൗതിക വിഷയങ്ങളും അതോടൊപ്പം അറബി, ഉറുദു, ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളുമടങ്ങിയ വളരെ ശാസ്ത്രീയമായ രീതിയിലാണ് ഈ സിലബസ് സംവിധാനിച്ചിട്ടുള്ളത്. പത്ത് വർഷക്കാലത്തെ ദാറുൽ ഹുദായുടെ ഡിഗ്രി കോഴ്സാണ് വിദ്യാർഥികൾക്ക് സ്ഥാപനത്തിൽ നൽകപ്പെടുന്നത്. തുടർന്ന് രണ്ടു വർഷത്തെ ദാറുൽ ഹുദായിൽ വെച്ചുള്ള പി.ജി പഠനവും അടക്കം പന്ത്രണ്ട് വർഷമാണ് കോഴ്സിന്റെ കാലാവധി. ഈ കാലയളവിനുള്ളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു, ഏതെങ്കിലും ഒരു അംഗീകൃത സർവകലാശാലയുടെ ഡിഗ്രി വിദ്യാഭ്യാസവും വിദ്യാർഥിക്ക് നൽകപ്പെടുന്നു.

ലക്ഷ്യം

മത - ഭൗതിക വിഷയങ്ങളിലും ദീനീ സംസ്കാരത്തിലും പ്രത്യേക അറിവും പരിശീലനവും നേടിയ ദീനി പ്രബോധകരായ യുവ പണ്ഡിതരെ വാർത്തെടുക്കുക എന്നതാണ് കെ.എം.ഒ ഇസ്‌ലാമിക് അക്കാദമി ലക്ഷ്യമിടുന്നത്. തഅ്‌ലീം, തർബിയ, ദഅ്‌വ മേഖലകളിലുള്ള ആത്മീയവും നിരന്തരവുമായ ശിക്ഷണത്തിലൂടെയാണ് വിദ്യാർഥികളുടെ പുരോഗതി ഉറപ്പു വരുത്തുന്നത്.

അഡ്മിഷൻ

സമസ്തയുടെ അഞ്ചാം ക്ലാസ് മദ്രസ്സ പാസായ റമളാൻ 20ന് പത്ത് - പന്ത്രണ്ട് വയസ്സിനിടയിലുള്ള ആൺകുട്ടികളിൽ നിന്ന് വാചിക എഴുത്ത് പരീക്ഷകളിലൂടെ ദാറുൽ ഹുദാ തിരഞ്ഞെടുക്കുന്ന മുപ്പത് വിദ്യാർഥികൾക്കാണ് പ്രവേശനം നൽകുന്നത്.

സവിശേഷതകൾ

- കമ്പ്യൂട്ടർ ലാബ്
- ഡിജിറ്റലൈസ്ഡ് ലൈബ്രറി
- സ്മാർട്ട് ക്ലാസ് റൂം
- പ്ലേ ഗ്രൗണ്ട്
- റീഡിംഗ് റൂം
- സ്റ്റുഡന്റ്സ് യൂണിയൻ
- പ്രസംഗ -തൂലിക പരിശീലനം
- കോൺഫറൻസ് ഹാൾ
- സയൻസ് ലാബ്
- വിവിധ ഭാഷാ പരിശീലനം

കിസ്‌വ, അറബിക് ഡിപ്പാർട്ട്മെന്റ്

വിദ്യാർഥികളുടെ സർഗാത്മക പുരോഗതിക്കായി പ്രവർത്തിച്ചുവരുന്ന സംഘടനയാണ് കെ.എം.ഒ ഇസ്‌ലാമിക് അക്കാദമി സ്റ്റുഡന്റ്സ് വെൽഫെയർ അസോസിയേഷൻ (KISWA) 2018 - 19 അധ്യയന വർഷം മുതൽ ആരംഭിച്ച യൂണിയൻ അതിൻറെ പ്രൗഢിയും പ്രതാപവും നിലനിർത്തി പ്രവർത്തന ഗോദയിൽ കർമ്മനിരതമാണ്. വിവിധ വിംഗുകൾക്ക് കീഴിൽ വിദ്യാർത്ഥികളുടെ കർമ്മോത്സുകതയും ക്രിയാത്മകതയും വളർത്തിയെടുക്കാനാണ് കിസ്‌വ ലക്ഷ്യം വെക്കുന്നത്.

സ്ഥാപനത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്ന ഡിപ്പാർട്ട്മെൻറ് ഓഫ് അറബിക് ലാംഗ്വേജ് & ലിറ്ററേച്ചർ സ്ഥാപനത്തിൻറെ അവിഭാജ്യ ഘടകമാണ്. അറബി ഭാഷാ പഠനത്തിനും പ്രചാരണത്തിനുമായി വേറിട്ട പദ്ധതികളാണ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെടുന്നത്.

قسم اللغة العربية وآدابها

Department of Arabic Language
And Literature, KMOIA Koduvally

ഇൽമിന്റെ വഴിയിൽ കൂടെ നിൽക്കാം

കെ.എം.ഒ ഇസ്‌ലാമിക് അക്കാദമി മുന്നോട്ട് വെക്കുന്ന മത വൈജ്ഞാനിക മുന്നേറ്റത്തിൽ ദീനിനെയും ദാറുൽ ഹുദായെയും സ്നേഹിക്കുന്ന താങ്കൾക്കും പങ്കാളിയാവാം. സ്ഥാപനത്തിൽ പഠിക്കുന്ന ഒരു വിദ്യാർഥിക്ക് ഒരു മാസം 3000 രൂപയാണ് ഭക്ഷണച്ചെലവ് വരുന്നത്.

1 വിദ്യാർത്ഥിയുടെ ചെലവ്

ഒരു വർഷം	₹33,000
രണ്ട് വർഷം	₹66,000
അഞ്ച് വർഷം	₹165,000
പത്ത് വർഷം	₹330,000

Account Details

KMO GENERAL FUND
CANARA BANK, KODUVALLY
A/C NO: 44142200008694
IFSC: CNRB0014414

مجمع ك.ام.او الإسلامي، كودوالي

KMO ISLAMIC ACADEMY, KODUVALLY

Affiliated to Darul Huda Islamic University, Chemmad
Run by: Koduvally Muslim Orphanage Committee
P.O. KODUVALLY -673572
0495 296 25 22, 0495 221 03 06